# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.436** **9/02/2016-ൽ മറുപടിക്ക്**

**വട്ടോളി കെ.എസ്.ഇ.ബി. സബ് എഞ്ചിനീയർ ഓഫീസ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ. | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) കൊടുവള്ളി നിയോജക മണ്ഡലത്തിൽ കിഴക്കോത്ത് പഞ്ചായത്തിലെ എളേറ്റിൽ വട്ടോളിയിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി. സബ് എഞ്ചിനീയർ ഓഫീസ്, സെക്ഷൻ ഓഫീസായി ഉയർത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇതിനായി നടപടികൾ സ്വീകരിക്കുമോ? | (എ) നിലവിലുള്ള മാനദണ്ഡപ്രകാരം സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയും, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേ സമയം ഉപഭോക്താക്കൾ 20000-ൽ അധികം ആവുകയും ചെയ്യുന്ന സാഹചര്യത്തിൽ ആണ് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. കൊടുവള്ളി, താമരശ്ശേരി, ഉണ്ണികുളം, നരിക്കുനി എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് എളേറ്റിൽ വട്ടോളി കേന്ദ്രമായി ഒരു സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് 2012-ൽ ലഭിച്ച പ്രൊപ്പോസൽ മേൽ പരാമർശിച്ച മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്തതിനാൽ അനുവദിക്കുന്നതിന് സാധിച്ചില്ല. |

**സെക്ഷൻ ഓഫീസർ**